(ഇ) KSR Part III ചട്ടം 8C-യിൽ പെൻഷൻ അനുവദിക്കുന്നതിന് ടെർമിനൽ ആനുകൂല്യങ്ങൾ തിരിച്ചടക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും GO(P) No.622/03/Fin. dated, 26-11-2003 ഉത്തരവിലോ 16-11-1981-ലെ G.O.(P) No.764/81(384)/Fin. ഉത്തരവിലോ മുകളിൽപ്പറഞ്ഞ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ, പുനർ നിയമനം കിട്ടിയിട്ടുള്ള വിമുക്തഭടന്മാർ അവർക്ക് കിട്ടിയിട്ടുള്ള ടെർമിനൽ ആനുകൂല്യങ്ങൾ തിരിച്ചടയ്ക്കണമെന്ന സർക്കാർ വാദത്തോട് യോജിക്കാനാവില്ലെന്നാണ് കോടതിയുടെ വീക്ഷണം. KSR Part III Rule 8 C-യിലെ വ്യവസ്ഥ 26-11-2003-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 622/03/Fin.-ലെ ഒരു നിബന്ധനയായി കരുതാനാവില്ലെന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്. 26-11-2003-ലെ സർക്കാർ ഉത്തരവിൽ പുനർനിയമനം കിട്ടിയിട്ടുള്ള വിമുക്തഭടന്മാർ ടെർമിനൽ ആനുകൂല്യങ്ങൾ തിരിച്ചടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ WP(C) No.25304/06-ലെ പരാതിക്കാർ, അവർ വാങ്ങിയ ടെർമിനൽ ആനുകൂല്യങ്ങൾ തിരിച്ചടച്ചാലേ അവരുടെ മുൻകാല മിലിട്ടറി സർവ്വീസ് ഗ്രേഡനുവദിക്കുന്നതിന് പരിഗണിക്കാനാവൂ എന്ന് എതിർ കക്ഷികൾക്ക് നിലപാടെടുക്കാൻ അവകാശമില്ല എന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്.

(എഫ്) WP(C) No.32064/10-ലെ 20-10-2010-ലെ വിധി നടപ്പാക്കാത്തതിനാൽ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് അസിസ്റ്റന്റായ ശ്രീ. ജോഷി മാത്യു CC(C) 55/2011 നമ്പറായി കോടതിയലക്ഷ്യക്കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കോടതിയലക്ഷ്യക്കേസുകൾ വേറെയും നിലവിലുണ്ടോ എന്ന വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ജി) WA No.1308/08-ലെ 1-3-2010-ലെ ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്യുവാനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കയ്യൂർ സമരഭടന്മാർക്ക് സ്മാരകം

190 (204) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി രക്തസാക്ഷിത്വംവരിച്ച കയ്യൂർ സമരഭടന്മാർക്ക് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിന് തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂരിൽ നിർമ്മാണം ആരംഭിച്ച സ്മാരകമന്ദിരം പൂർത്തീകരിക്കുന്നതിന് കേരള സർക്കാർ സഹായമായി 50 ലക്ഷം രൂപ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പരിശോധിക്കുന്നതാണ്.

ഫാമിലി പെൻഷൻ തടഞ്ഞത് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച്

191 (205) ശ്രീ. കെ. കെ. ഷാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ വള്ളികുന്നം എച്ച്.എസ്.-ലെ യു.പി.എസ്.എ. ആയിരിട്ടയർചെയ്ത എൻ. ശ്രീധരക്കുറുപ്പിന് ഏകദേശം 18 വർഷക്കാലം പെൻഷനും,

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ മരണശേഷം കഴിഞ്ഞ 7 കൊല്ലക്കാലമായി അദ്ദേഹത്തിന്റെ വിധവ ശ്രീമതി ചന്ദ്രികാഭായിക്ക് ലഭിച്ചുകൊണ്ടിരുന്ന ഫാമിലി പെൻഷൻ ഹിയറിംഗോ മറ്റ് നിയമപരമായ നടപടിക്രമങ്ങളോ പാലിക്കാതെ നിർത്തലാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) വർഷങ്ങളായി ഇവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഫാമിലി പെൻഷൻ നിർത്തലാക്കിയത് ആരാണെന്നും അതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെന്നും വ്യക്തമാക്കുമോ ;

(സി) ശ്രീമതി ചന്ദ്രികാഭായിക്ക് ഫാമിലി പെൻഷൻ നിർത്തലാക്കുന്നതിന് മുമ്പ് അവരുടെ ഭാഗം കേൾക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) സർക്കാരിന്റെ അനുമതിയോടെയാണോ ഫാമിലി പെൻഷൻ നിർത്തലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ഇ) എങ്കിൽ ആയത് സംബന്ധിച്ച് നടത്തിയ കത്തിടപാടുകളുടെ പൂർണ്ണവിവരം ലഭ്യമാക്കുമോ ;

(എഫ്) സർക്കാരിന്റെ അനുമതി ഇല്ലാതെ അക്കൗണ്ടന്റ് ജനറൽ ഓഫീസിന്, നിയമ വിധേയമായി ലഭിച്ചുകൊണ്ടിരിക്കുന്ന ഫാമിലി പെൻഷൻ നിർത്തലാക്കുവാൻ അധികാരമുണ്ടോയെന്ന് വിശദമാക്കുമോ ;

(ജി) ഇവരുടെ ഫാമിലി പെൻഷൻ നിർത്തലാക്കാനുള്ള ആധികാരികമായ രേഖകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) ഇത് സംബന്ധിച്ച് അന്വേഷണത്തിൽ തൃപ്തികരമായ മറുപടി ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഫയൽ നമ്പർ ജി4/13247/2010 തീയതി, 21-10-2010 നൽകിയിട്ടും ഫാമിലി പെൻഷൻ പുനഃസ്ഥാപിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഐ) ഇവരുടെ ഫാമിലി പെൻഷൻ ഇനി പുനഃസ്ഥാപിക്കേണ്ട ചുമതല അക്കൗണ്ടന്റ് ജനറലിനോ അതോ സർക്കാരിനാണോ ; വിശദാംശം ലഭ്യമാക്കുമോ ;

(ജെ) ചന്ദ്രികാഭായിക്ക് നിയമവിധേയമായി അർഹതപ്പെട്ട ഫാമിലി പെൻഷൻ പുനഃസ്ഥാപിച്ചുകിട്ടുന്നതിന് ഇനിയും എന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്ന് വ്യക്തമാക്കുമോ ;

(കെ) ഫാമിലി പെൻഷൻ നൽകുന്നത് അന്യായമായി തടഞ്ഞ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികളും അന്വേഷണങ്ങളും അടിയന്തരമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(എൽ) അടിയന്തരമായി ഇവരുടെ ഫാമിലി പെൻഷൻ പുനഃസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പി.ആർ.4/കെ.ഇ.ആർ./981/എൻ./8586-ഉം പി.10/പി.ആർ.89/4715/എ.പി. 90-91/250 തീയതി, 3-8-2010 പ്രകാരം ഫാമിലി പെൻഷൻ അക്കൗണ്ടന്റ് ജനറൽ റദ്ദ്ചെയ്തു. ആയതിന്റെ വെളിച്ചത്തിൽ 10/2010-ൽ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽവച്ച് ശ്രീമതി ജി. ചന്ദ്രികാഭായിയുമായി ഒരു കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചയിൽ ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ ശ്രീമതി ജി. ചന്ദ്രികാഭായി, ശ്രീ. ശ്രീധരക്കുറുപ്പിന്റെ ഭാര്യയാണെന്ന് ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ബോധ്യപ്പെട്ടതിനാൽ അക്കൗണ്ടന്റ് ജനറലിനോട് എന്തു നടപടി സ്വീകരിക്കണമെന്ന് ആരാഞ്ഞിട്ടുള്ളതായി ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം ടിയാളുടെ ഫാമിലി പെൻഷൻ റദ്ദുചെയ്തതായി സബ്ട്രഷറി പന്തളത്തിനും ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർക്കും അറിയിപ്പ് നൽകിയിട്ടുണ്ടായിരുന്നു.

(സി) തിരുവനന്തപുരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽനിന്നോ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽനിന്നോ ടിയാളുടെ ഫാമിലി പെൻഷൻ നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഡി) സർക്കാരിന്റെ അനുമതിയോടെയല്ല ഫാമിലി പെൻഷൻ നിർത്തലാക്കിയത്.

(ഇ) ലഭ്യമല്ല.

(എഫ്) അക്കൗണ്ടന്റ് ജനറലിന്റെ അധികാരപരിധിയിൽപ്പെടുന്ന വിഷയമാണ്.

(ജി) ശ്രീ. ശ്രീധരക്കുറുപ്പ് 5-12-1986-ൽ ശ്രീമതി ചന്ദ്രികാഭായി തന്റെ നിയമപരമായ ഭാര്യ അല്ല എന്ന് സമർത്ഥിച്ചുകൊണ്ട് അക്കൗണ്ടന്റ് ജനറലിന് കത്തെഴുതിയിരുന്നു. എന്നാൽ, മേൽപ്പടിയാൻ പെൻഷൻ ആകുന്നവേളയിൽ ഫാമിലി പെൻഷനുള്ള നോമിനേഷനിൽ ശ്രീമതി ജി. ചന്ദ്രികാഭായിയുടെ പേര് നിർദ്ദേശിച്ചിട്ടുള്ളതാകുന്നു. കൂടാതെ ശ്രീമതി ചന്ദ്രികാഭായിയുടെയും ശ്രീ. എൻ. ശ്രീധരക്കുറുപ്പിന്റെയും രണ്ട് മക്കളായ ശ്രീകുമാർ, ശ്രീകുമാരി എന്നിവരുടെ അച്ഛനും അമ്മയുമാണ് എന്നു തെളിയുന്നവിധം കുട്ടികളുടെ എസ്.എസ്.എൽ.സി. ബുക്കിന്റെ പകർപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശ്രീമതി ജി. ചന്ദ്രികാഭായിക്ക് ശ്രീ. എൻ. ശ്രീധരക്കുറുപ്പ് നൂറനാട് സബ്രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ 2725 തീയതി, 10-10-1986 പ്രകാരം വസ്തു തീറെഴുതി രജിസ്റ്റർ ആക്കി നൽകിയിട്ടുണ്ട്. കൂടാതെ ഇവർ നിയമപരമായിബന്ധം വേർപ്പെടുത്തിയതിന്റെ രേഖകൾ ഒന്നുംതന്നെ ആഫീസിൽ ഹാജരാക്കിയിട്ടുമില്ല. ഇതുപ്രകാരം ശ്രീമതി ജി. ചന്ദ്രികാഭായിക്ക് ശ്രീ. എൻ. ശ്രീധരക്കുറുപ്പിന്റെ ഫാമിലി പെൻഷന് അർഹതയുണ്ട്.

(എച്ച്) ഡി.പി.ഐ.-യിലെ ജി.4/13247/10 തീയതി, 21-10-2010-ലെ കത്തിൽത്തന്നെ എന്തു തുടർനടപടി സ്വീകരിക്കണമെന്ന് അക്കൗണ്ടന്റ് ജനറലിനോട് ആരാഞ്ഞിട്ടുള്ളതും ആയതിന്റെ വെളിച്ചത്തിൽ തുടർനടപടിക്കായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ഉത്തരവ് വാങ്ങാവുന്നതാണെന്ന് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചതുപ്രകാരം ശ്രീമതി ജി. ചന്ദ്രികാഭായിക്ക് ഫാമിലി പെൻഷൻ അനുവദിച്ചുകിട്ടുവാൻ ഗവൺമെന്റിൽ അപേക്ഷ നൽകുവാൻ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശം നൽകുകയുണ്ടായെന്നും അപ്രകാരം ഫാമിലി പെൻഷൻ അനുവദിച്ചുകിട്ടുന്നതിലേക്ക് ഗവൺമെന്റിൽ നൽകിയ അപ്പീൽ പരിഗണനയിലാണ്.

(ഐ) സർക്കാരിനാണ് ഫാമിലി പെൻഷൻ പുനഃസ്ഥാപിക്കാൻ അധികാരം എന്ന് അക്കൗണ്ടന്റ് ജനറലിന്റെ 23-12-2010-ലെ കത്തിൽ വ്യക്തമാക്കുന്നു.

(ജെ) അപ്രകാരം ഫാമിലി പെൻഷൻ അനുവദിച്ചുകിട്ടുന്നതിലേക്ക് ഗവൺമെന്റിന് നൽകിയ അപ്പീൽ പരിഗണനയിലാണ്.

(കെ) പൊതു വിദ്യാഭ്യാസ ഡയറക്ടർ ആഫീസിൽനിന്നോ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ആഫീസിൽനിന്നോ ശ്രീമതി ചന്ദ്രികാഭായിയുടെ ഫാമിലി പെൻഷൻ അന്യായമായി തടഞ്ഞുവെച്ചിട്ടില്ല.

(എൽ) പരിഗണനയിലാണ്.

(ചോദ്യോത്തരങ്ങൾകഴിഞ്ഞു)

[നക്ഷത്ര ചിഹ്നമിടാത്ത 9, 18, 28, 34, 35, 36, 37, 38, 51, 68, 80, 81, 83, 98 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.]

II ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : ഓർഡർ, ... ഓർഡർ സർവ്വശ്രീ. വി. ശശികുമാർ, എൻ. ശക്തൻ, ശ്രീമതി ഇ. എസ്. ബിജിമോൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനേഴാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

III അടിയന്തരപ്രമേയം

ജസ്റ്റീസ് മോഹൻകുമാർ കമ്മീഷനെ സ്വാധീനിക്കാൻ ശ്രമിച്ച സംഭവം

മി. സ്പീക്കർ : കല്ലുവാതുക്കൽ മദ്യദുരന്തത്തെക്കുറിച്ചന്വേഷിക്കുന്നതിന് ഗവൺമെന്റ് നിയോഗിച്ച ജസ്റ്റീസ് മോഹൻകുമാർ കമ്മീഷനെ സ്വാധീനിക്കാൻ അന്ന് ഇന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇടപെട്ടുവെന്ന വെളിപ്പെടുത്തൽമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ആര്യാടൻ മുഹമ്മദ്, സി. ടി. അഹമ്മദ് അലി, പി. സി. ജോർജ്, കെ. പി. മോഹനൻ, കെ. കെ.ഷാജു, കെ.ബി. ഗണേഷ് കുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly